ഉച്ചക്കഞ്ഞി വിതരണം

26(426) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര ദിവസം ഉച്ചക്കഞ്ഞി കൊടുക്കാനുള്ള അരിയാണ് സംസ്ഥാന കേന്ദ്ര ഗവൺമെന്റിൽ നിന്ന് വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് എത്ര ദിവസം ഉച്ചക്കഞ്ഞി കൊടുത്തിട്ടുണ്ട് ;

(സി) ഈ ഓരോ വർഷവും യഥാർത്ഥത്തിൽ ആവശ്യമുള്ളതിനെക്കാൾ കൂടുതൽ അരി കേന്ദ്രത്തിൽ നിന്നും വാങ്ങിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്നു വിശദീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി കേന്ദ്രം തരുന്ന അരി വിദ്യാർത്ഥികളല്ലാത്തവർക്ക് വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഓരോ വർഷവും 10 മാസം ഉച്ചഭക്ഷണം നൽകുന്നതിനുള്ള അരിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ളത്.

(ബി) 1997-98 വർഷം 2616547 വിദ്യാർത്ഥികൾക്കും, 1998-99 വർഷം 2401144 വിദ്യാർത്ഥികൾക്കും, 1999-2000 വർഷം 2492655 വിദ്യാർത്ഥികൾക്കും വർഷം തോറും ശരാശരി 185 സാദ്ധ്യായ ദിവസങ്ങളിൽ ഉച്ചഭക്ഷണം നൽകിയിട്ടുണ്ട്.

(സി) കേന്ദ്രത്തിൽ അധികം വാങ്ങിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിദ്യാർത്ഥികളല്ലാത്തവർക്ക് വിതരണം ചെയ്തിട്ടില്ല.

പാഠപുസ്തകം വിതരണം ചെയ്യാൻ നടപടി

27(427) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ പുസ്തക വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly